# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്</u>

848 ശ്രീ. ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) സുപ്രീംകോടതിയുടെ പരിസ്ഥിതി സംബന്ധമായ മേൽനോട്ട സമിതിയുടെ അംഗീകാരം നേടിയെടുക്കാൻ മുല്ലപ്പെരിയാർ സെൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പാരിസ്ഥിതികാഘാത പഠനത്തിന് കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരം ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മഴവെള്ള കൊയ്ത്ത്</u>

849 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴവെള്ള കൊയ്ത്ത് ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്; വിശദമാക്കുമോ;

(ബി) മഴവെള്ള സംഭരണ പ്രചരണം നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോയെന്നും ഇതിനുളള പരിശീലനം നൽകാൻ എന്തൊക്കെ നടപടി എടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

സംസ്ഥാനത്തെ ജലത്തിന്റെ ഗുണമേന്മ

850 ശ്രീ. ഇ. ചന്ദ്രശേഖരൻ
'' പി. തിലോത്തമൻ
'' ചിറ്റയം ഗോപകുമാർ
'' കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലത്തിന്റെ ഗുണമേന്മ പരിശോധനയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നു മുതൽ തുടക്കമാകുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഗുണമേന്മ പരിശോധനയ്ക്കുള്ള ചുമതല ആർക്കെല്ലാമാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് കുടിവെള്ളം എത്തിച്ചു കൊടുക്കുന്നുണ്ട് ; ഇത്തരത്തിൽ നൽകുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ സംബന്ധിച്ച് എന്തെങ്കിലും വിവരങ്ങൾ ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കുടിവെള്ളത്തിന്റെ ഗുണമേന്മ എത്രത്തോളമുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ശുദ്ധജല വിതരണം</u>

851 ശ്രീ. വി.എസ്.സുനിൽ കുമാർ
ശ്രീമതി. ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ
" വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണത്തിനായി ശരാശരി എത്ര ഘന ലിറ്റർ ശുദ്ധജലം ഓരോ ദിവസവും പൈപ്പ്ലൈനുകളിലേക്ക് പമ്പ് ചെയ്യുന്നുണ്ട് ;

(ബി) പമ്പ് ചെയ്ത് വിതരണത്തിനെത്തിക്കുന്ന കുടിവെള്ളത്തിന് മുഴുവനുമുള്ള ബിൽ തുക ഈടാക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ചോർച്ചയിനത്തിൽ പ്രതിദിനം ശരാശരി എത്ര ഘനലിറ്റർ കുടിവെള്ളം നഷ്ടപ്പെടുന്നുണ്ട്; മറ്റിനങ്ങളിലായി എത്ര ഘന ലിറ്റർ ജലം നഷ്ടമാകുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

നദീജലത്തിന്റെ ഗുണനിലവാരം

T852 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദീജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ഏതെങ്കിലും ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകളും അവയ്ക്കുള്ള ശുപാർശകളും എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

ആയിരം ജലസ്രോതസ്സുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി

853 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി

" പി.കെ. ബഷീർ

" പി.ബി. അബ്ദുൾ റസാക്

" കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയിരം ജലസ്രോതസ്സുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏത് വിധത്തിൽ ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോട് കൂടി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അഗ്രികൾച്ചർ, ഫിഷറീസ് എന്നീ വകുപ്പുകളെക്കൂടി ഈ പദ്ധതിയിൽ സഹകരിപ്പിക്കാനും, ആ മേഖലയ്ക്കുകൂടി പ്രോത്സാഹനം നല്കാനും ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മറ്റ് പദ്ധതികൾ പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വികസിപ്പിച്ച കുളങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ നദികൾക്കായി അതോറിറ്റി</u>

854 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നദികൾക്കായി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്നും ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ</u>

855 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് പുതുതായി ഏറ്റെടുത്തിട്ടുള്ളത്; പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ദേശീയ ജലനയത്തിന് ഭേദഗതി നിർദ്ദേശം

856 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജല നയത്തിന് ഭേദഗതി വരുത്തുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ജല കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന് നല്കിയ റിപ്പോർട്ട് തയ്യാറാക്കിയ ഉന്നത തല കമ്മിറ്റിയിലെ അംഗങ്ങൾ ആരാക്കെയായിരുന്നു.?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>വാട്ടർ എക്സ്പ്രസ് യൂണിറ്റ്</u>

857 ശ്രീ. എ.റ്റി ജോർജ്
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ എക്സ്പ്രസ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഏത് ഏജൻസി വഴിയാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം

(സി) ജലസംഭരണത്തിനും മഴവെള്ള കൊയ്ത്തിനും എന്തെല്ലാം പ്രാധാന്യങ്ങളാണ് ഈ യൂണിറ്റ് വഴി നൽകുന്നത്; വിശദമാക്കുമോ

(ഡി) എവിടെയെല്ലാമാണ് പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിപ്പിക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ് നടത്തിപ്പിൽ പോരായ്മ</u>

858 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. സി. കെ. സദാശിവൻ
,, ആർ. രാജേഷ്
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് പ്രകാരം ജലവിഭവവകുപ്പ് പൂർത്തിയാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ ;

(ബി) പദ്ധതി നടത്തിപ്പിൽ പോരായ്മയുണ്ടെന്ന് മുഖ്യമന്ത്രി വിലയിരുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ ;

(സി) പ്രശ്നപരിഹാരത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

വൈക്കം നിയോജകമണ്ഡലത്തിലെ കുട്ടനാട് പാക്കേജ് പദ്ധതികൾ

859 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഇതിൽ വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് വൈക്കം നിയോജക മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കുട്ടനാട് പാക്കേജിന്റെ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പുലമൻതോട് നവീകരണം</u>

860 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുലമൻതോട് നവീകരണത്തിന് ഭരണാനുമതി ലഭ്യമാക്കിയത് എന്നാണ് ; അടങ്കൽ തുക എത്രയാണ് ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നത് ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഇറിഗേഷൻ വക ഭൂമിയിൽ കൊയിലാണ്ടി സബ് ട്രഷറിയുടെ നിർമ്മാണം</u>

861 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സബ് ട്രഷറിയ്ക്ക് കെട്ടിടം പണിയുന്നതിന് ഇറിഗേഷൻ വക ഭൂമി ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ഇക്കാര്യത്തിൽ നൽകിയി ട്ടുളള റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കുറ്റ്യാടി ഇറിഗേഷൻ പദ്ധതി കനാൽ റോഡുകൾ</u>

862 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കനാൽ റോഡുകൾ ഗതാഗതയോഗ്യമാക്കാൻ ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും എങ്കിൽ ഏതൊക്കെ റോഡുകളാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവർത്തികൾ ആരംഭിക്കാൻ എന്താണ് തടസ്സമെന്നും ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

പാലായി വളവിലെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

863 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീലേശ്വരം മുൻസിപ്പാലിറ്റിയെ കയ്യൂർ - ചീമേനി പഞ്ചായത്തുമായി ബന്ധിപ്പിച്ചിരിക്കുന്ന പാലായി വളവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കണ്ണൂരിലെ വെന്റഡ് ചെക്ക് ഡാം കം ട്രാക്ടർ വേ നിർമ്മാണം</u>

864 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ ചെറുപുഴയിൽ കാര്യങ്കോടു പുഴക്ക് കുറുകെ നിർമ്മിക്കുന്ന വെന്റഡ് ചെക്ക് ഡാം കം ട്രാക്ടർ വേ നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പ്രവർത്തനം

865 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നബാർഡിന്റെ ആർ. ഐ. ഡി. എഫ് തഢകക സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ പദ്ധതികളുടെ പ്രവർത്തനം ഇനിയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ടെണ്ടർ എടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല എന്നതിനാൽ ഇത് പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കുറ്റ്യാടി കനാലിന്റെ അറ്റകുറ്റപ്പണിയും മാഹി കനാലിന്റെ പ്രവൃത്തി പൂർത്തീകരണവും</u>

866 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി കനാലിന്റെ അക്വിഡേറ്റുകൾ മാറ്റാനും അറ്റകുറ്റപ്പണികൾക്കുമായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്നു വ്യക്തമാക്കുമോ; അതിന്റെയടിസ്താനത്തിൽ ആരംഭിച്ചിട്ടുള്ള പ്രവർത്തികൾ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) അക്വിഡേറ്റുകൾ അടിയന്തരമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മാഹി കനാൽ പ്രവൃത്തി പൂർത്തിയാക്കാൻ ഈ വർഷം ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചത്?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കുറ്റ്യാടി കനാൽ റോഡുകൾ</u>

867 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കനാൽ റോഡുകളിൽ കുറ്റ്യാടിമണ്ഡലത്തിന്റെ പരിധിയിൽ എത്ര കിലോമീറ്റർ റോഡുണ്ടെന്നും ഇതിൽ ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കിയ എത്ര കിലോമീറ്റർ റോഡുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) കനാൽ റോഡുകൾ പരിഷ്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കനാൽ ബണ്ട് റോഡ് നവീകരണം</u>

868 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന് കീഴിൽ കൊയിലാണ്ടി മണ്ഡലത്തിൽപ്പെടുന്ന കനാൽ ബണ്ട് റോഡുകൾ നവീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവർത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ പൂർത്തിയായി ; നവീകരണ പ്രവർത്തികൾ എന്ന് ആരംഭിക്കും ; എന്ന് പൂർത്തിയാക്കും ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കുറുമാലി - മണലിപ്പുഴ തീരസംരക്ഷണം</u>

869 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കുറുമാലി - മണലിപ്പുഴകളുടെ തീരങ്ങൾ അപകടകരമായ രീതിയിൽ ഇടിഞ്ഞ് പോകുന്നതുകൊണ്ട് രണ്ട് പുഴകളുടെയും തീരങ്ങൾ സർവ്വേ ചെയ്യണമെന്നും കെട്ടി സംരക്ഷിക്കുന്നതിനായി പദ്ധതി തയ്യാറാക്കണമെന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പാലത്തിന് കരകൾ കെട്ടുന്നതിന് നടപടി</u>

870 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം-ചാത്തമംഗലം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കമ്മാണ്ടിക്കടവ് പാലത്തിന് ഇരുവശവും പുഴ ഗതിമാറി ഒഴുകിയത് കാരണം കര ഇടിഞ്ഞു പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് മുഖേന കരകൾ കെട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>ഉണ്ടോടിക്കടവ് ചെക്ക് ഡാമിന് നബാർഡ് അനുവദിച്ച തുക</u>

871 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉണ്ടോടിക്കടവ് ചെക്ക് ഡാമിന് നബാർഡ് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 1.10.2012 ലെ പൊതുമരാമത്ത് നിരക്കനുസരിച്ച് പ്രസ്തുത പ്രവൃത്തിക്ക് എന്ത് തുക ചെലവ് വരും; വ്യക്തമാക്കുമോ;

(സി) നബാർഡിന്റെ സഹായത്തിന് പുറമെയുള്ള തുക കണ്ടെത്താൻ ഏതു മാർഗ്ഗമാണ് കണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ചെക്ക് ഡാം നിർമ്മാണം</u>

872 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കിഴക്കേതോടിന് കുറുകെ ചെക്ക് ഡാം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; ഇതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ; പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയോ ;

(ബി) പ്രസ്തുത നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും ; എത്ര കാലത്തിനകം പൂർത്തീകരിക്കും ; സമയബന്ധിതമായി തീർക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിലെ ജലനിധി പദ്ധതി

873 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ പുതുതായി ജലനിധി പദ്ധതി തുടങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) എലവഞ്ചേരി പഞ്ചായത്തിൽ നിലവിൽ നടപ്പിലാക്കിയിട്ടുള്ള ജലനിധി പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; ഈ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും, ഇതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ജലനിധി പദ്ധതികൾ</u>

874 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധിയിൽ കാസർഗോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട് ; ഏതെല്ലാം പഞ്ചായത്തുകളാണ് തുടർന്ന് പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ജലനിധിയിൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കനോലി കനാൽ സംരക്ഷണം</u>

875 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കനോലി കനാൽ സംരക്ഷിക്കുന്നതിനും, വൃത്തിയാക്കുന്നതിനും ഗതാഗതയോഗ്യമാക്കുന്നതിനും ജലസേചന വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മാഹി കനാൽ പണി പൂർത്തീകരണം</u>

876 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാഹി കനാലിന്റെ പണി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ വടകര താലൂക്കിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പാടിപുഴയ്ക്ക് കുറുകെ ക്രോസ്ബാർ കം ബ്രിഡ്ജ് നിർമ്മാണം</u>

877 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജകമണ്ഡലവും കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലവും തമ്മിൽ ബന്ധിപ്പിക്കുന്ന പാടിപുഴയ്ക്ക് കുറുകെയുള്ള ക്രോസ് ബാർ കം ബ്രിഡ്ജ് നിർമ്മാണം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കടൽഭിത്തി നിർമ്മാണം സംബന്ധിച്ച നടപടി</u>

878 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊക്കാനി ജീലാനി നഗർ പ്രദേശത്ത് ഒരു കിലോമീറ്ററോളം കടൽ ഭിത്തി ഇല്ലാത്തതുമൂലം 30-ഓളം വീടുകളും, കരഭൂമികളും ഏതാണ്ട് അരകിലോ മീറ്റർ വീതിയിൽ കരഭൂമിയും കടൽ എടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊട്ടടുത്തുള്ള തീരദേശ റോഡുകളും സ്കൂളും ഏത് നിമിഷവും കടൽ കവരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫയൽ നമ്പർ 2055/IR2/12/WRs, നമ്പർ 81165/industries and PWB-3/12/Fin. നമ്പർ ഫയലുകളിലുള്ള പ്രസ്തുത കടൽ ഭിത്തി നിർമ്മാണത്തിനുള്ള പ്രോജക്ടിന് തുക അനുവദിച്ച് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും അടിയന്തിരമായി പദ്ധതി പൂർത്തിയാക്കുമോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ ഠൗൺ കനാലുകളുടെ നവീകരണം</u>

879 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഠൗൺ കനാലുകളിൽ കടലിൽ നിന്നും ഉപ്പു വെള്ളം കയറ്റി ശുദ്ധീകരിക്കുന്നതിനായുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കുവാൻ മുംബൈയിലുള്ള ടാറ്റ കൺസൽട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ റിപ്പോർട്ട് സമർപ്പിച്ചുവോയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആലപ്പുഴയിൽ എ. സി. കനാലിന്റെ നവീകരണത്തിനായി പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിച്ച സമിതി അന്തിമ റിപ്പോർട്ട് സമർപ്പിച്ചുവോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ആലപ്പുഴയിലെ കനാലുകളുടെ നവീകരണത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ആലപ്പുഴയിലെ യുഡിസ്മാറ്റ് പദ്ധതി</u>

880 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുഡിസ്മാറ്റ് പദ്ധതിപ്രകാരമുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് തീരദേശ റോഡ് വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മാസങ്ങൾ കഴിഞ്ഞിട്ടും റോഡ് പുനർനിർമ്മിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) വെട്ടിപ്പൊളിക്കുന്ന റോഡ് പുനർ നിർമ്മിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) 2007-ൽ അനുമതി ലഭിച്ച് 2011-ൽ പൂർത്തീകരിക്കേണ്ട പ്രസ്തുത പദ്ധതി നീണ്ടുപോകാനുണ്ടായ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അകവണ്ട തോടിനു കുറുകെ ചെക്ക് ഡാം നിർമ്മാണം</u>

881 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വേങ്ങശ്ശേരി മണ്ണൂർ റോഡിൽ അകവണ്ട തോടിനു കുറുകെ ചെക്ക് ഡാം നിർമ്മിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത ചെക്ക്ഡാമിന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത ചെക്ക് ഡാം നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ചെക്ക് ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ഇന്റഗ്രേറ്റഡ് വാട്ടർ & സാനിട്ടേഷൻ പ്രോജക്ട്

882 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ ഇന്റഗ്രേറ്റഡ് വാട്ടർ & സാനിട്ടേഷൻ പ്രോജക്ട് ഫോർ കുട്ടനാടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>എടത്വാ സെക്ഷന്‍ ഓഫീസിന്റെ അറ്റകുറ്റപ്പണികള്‍ക്കുള്ള നടപടി</u>

883 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള വാട്ടര്‍ അതോറിറ്റിയുടെ കീഴിലുള്ള എടത്വാ സെക്ഷന്‍ ഓഫീസിന്റെ അറ്റകുറ്റപ്പണികള്‍ ചെയ്യുന്നതിനും പുതുതായി ഓഫീസ് മുറി പണിയുന്നതിനും എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പുതിയ കെട്ടിട നിര്‍മ്മാണത്തിനുള്ള നടപടികള്‍ സമയബന്ധിതമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഇറിഗേഷൻ വകുപ്പുകളുടെ കീഴിലെ പ്രവൃത്തികൾ</u>

884 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിൽ മേജർ, മൈനർ ഇറിഗേഷൻ വകുപ്പുകളുടെ കീഴിലായി 2012-13-ൽ ഇതുവരെ എത്രപ്രവൃത്തികൾക്ക് സാമ്പത്തിക അനുമതി ലഭ്യമായെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) സാമ്പത്തികാനുമതി ലഭ്യമാക്കാനുള്ള പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) കുട്ടനാട്ടിലെ തടികൊണ്ട് നിർമ്മിച്ച താത്ക്കാലിക ബോട്ട് ജെട്ടികൾ മാറ്റി കോൺക്രീറ്റ് ജെട്ടികൾ സ്ഥാപിക്കുന്നതിന് ഈ വർഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) കുട്ടനാട്ടിലെ പൊതുകുളങ്ങൾ, പൊതുആവശ്യത്തിന് ഉപയോഗിക്കുന്ന അമ്പലകുളങ്ങൾ എന്നിവ കല്ലുകെട്ടി സംരക്ഷിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>മൈനർ ഇറിഗേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

885 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിനുകീഴിൽ എറണാകുളം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതി/ പ്രവർത്തനങ്ങൾ ആണ് പരിഗണനയിലുള്ളത്;

(ബി) ഇതുമായി ബന്ധപ്പെട്ട നിർവ്വഹണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ പദ്ധതികൾ/പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

സംസ്ഥാനത്തെ ഡാമുകളിലെ ജലം വിട്ടുകിട്ടുന്നതിന്
തമിഴ്നാട് സർക്കാരിന്റെ ആവശ്യം

886 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഡാമുകളിലെ ജലം വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് തമിഴ്നാട് സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിൻമേൽ സംസ്ഥാനം തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ എതിർ സത്യവാങ്മൂലം നൽകാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

ഭാരതപ്പുഴയിൽ റഗുലേറ്റർ നിർമ്മാണം

887 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിൽ ഓങ്ങല്ലൂർ - ചെങ്ങണാംകുന്ന്, പട്ടാമ്പി എന്നിവിടങ്ങളിൽ റഗുലേറ്റർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ രണ്ട് പദ്ധതികൾക്കും എത്ര രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ;

(ബി) എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ നദികളുടെ പുനരുദ്ധാരണം</u>

888 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' കെ. ശിവദാസൻ നായർ
'' എം. പി. വിൻസെന്റ്
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളുടെ പുനരുദ്ധാരണത്തിനും വികസനത്തിനും പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം നദികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) നദികളെ മാലിന്യ വിമുക്തമാക്കുന്നതിനും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും സുസ്ഥിരവും ഫലപ്രദവുമായ വിനിയോഗത്തിനും പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

മോദി കടവിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള നടപടി

889 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂട്ടിലങ്ങാടി പഞ്ചായത്തിലെ മോദി കടവിൽ കടലുണ്ടി പുഴയ്ക്ക് കുറുകെ സ്ഥിരം തടയണ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തടയണ നിർമ്മാണത്തിന് സത്വര നടപടി സ്വീകരിക്കുമോ;

(ബി) മങ്കട പളളിപ്പുറം പമ്പ് ഹൗസിൽ അനുഭവപ്പെടുന്ന രൂക്ഷമായ ജലദൗർലഭ്യത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി മോദി കടവിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ചങ്ങനാശ്ശേരി പെരുമ്പുഴക്കാവ് പാലം നിർമ്മാണം</u>

890 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ടൗണിനേയും പൂവംകരയെയും തമ്മിൽ യോജിപ്പിക്കുന്ന പെരുമ്പുഴക്കാവ് പാലം നിർമ്മാണത്തിലിരിക്കെ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലം പണി പുനരാരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് ഏതെങ്കിലും കേസ് നിലവിലുണ്ടോ;

(ഡി) കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ഇ) പാലം പണി തീർക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ചമ്രവട്ടം ബ്രിഡ്ജ് കം-റഗുലേറ്ററിലെ ചോര്‍ച്ച</u>

891 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചമ്രവട്ടം ബ്രിഡ്ജ് കം- റഗുലേറ്ററിലെ ചോര്‍ച്ചയും പിയറിലെ വിള്ളലും സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ജലചോര്‍ച്ചമൂലം ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാളിച്ചയുടെ അടിസ്ഥാനത്തില്‍ കണ്‍സ്ട്രക്ഷന്‍ കമ്പനിക്കെതിരേ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കില്‍ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഷിരിയ പുഴയിലെ അണക്കെട്ട്</u>

892 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ജലസേചനത്തിനായി നിർമ്മിച്ചിട്ടുള്ള ഷിരിയ പുഴയിലെ അണക്കെട്ട് കാലപ്പഴക്കം മൂലം നാശോന്മുഖമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അണക്കെട്ട് പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>ബലക്ഷയം നേരിടുന്ന അണക്കെട്ടുകളുടെ സംരക്ഷണം</u>

893

ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബലക്ഷയം നേരിടുന്ന അണക്കെട്ടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അണക്കെട്ടുകൾ നവീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

നമ്പ്യാർക്കാൻ അണക്കെട്ട് നവീകരണം

894 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിലെ നമ്പ്യാർക്കാൻ അണക്കെട്ട് ഗതാഗതസൗകര്യത്തോടെ നവീകരിക്കുന്നതിന് ആർ. ഐ. ഡി. എഫ് തഢക-ൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചത് എന്നാണ്; എസ്റ്റിമേറ്റ് എത്രയാണ്;

(ബി) പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്തത് എന്നാണ്; ടെണ്ടർ എക്സസ് അനുവദിച്ച് ഉത്തരവായത് എന്നാണ്;

(സി) കരാറുകാരൻ ടെണ്ടർ എക്സസ് ആവശ്യപ്പെട്ടത് എത്രയാണ്; അനുവദിച്ചത് എത്രയാണ്;

(ഡി) ഇപ്പോൾ റീ ടെണ്ടറിനു വേണ്ടി എസ്റ്റിമേറ്റ് പുതുക്കിയത് എത്ര രൂപയ്ക്കാണ്; ഇത് കരാറുകാരൻ ആവശ്യപ്പെട്ട ടെണ്ടർ എക്സസ്സിനെക്കാളും എത്ര ലക്ഷം രൂപ കൂടുതലാണ്;

(ഇ) പുതുക്കിയ എസ്റ്റിമേറ്റിന് നബാർഡ് അംഗീകാരം നൽകുന്നതിന് സമയപരിധിയുണ്ടോ; എങ്കിൽ ഏത് തീയതിക്കാണ്;

(എഫ്) ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഫ്ളഡ് ബാങ്ക് റോഡ് നിർമ്മാണം</u>

895 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിൽ ഫ്ളഡ് ബാങ്ക് റോഡ് നിർമ്മാണത്തിനായുള്ള അനുമതിക്കായി ജെ.ഐ.സി.എ പ്രോജക്ട് കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർക്ക് അയച്ച പ്രൊപ്പോസലിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) ഫ്ളഡ് ബാങ്ക് റോഡിന്റെ നിർമ്മാണത്തിന് എത്രയും പെട്ടെന്ന് അനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിയ റിപ്പോർട്ട്</u>

896 ശ്രീ. വി.ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെംഗ്തനിംഗിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിയ റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ റിപ്പോർട്ട് നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദവിവരങ്ങൾ അറിയിക്കാമോ?

**കേരള നിയമസഭ**
**12.12.2012-ലെ മറുപടിക്ക്**

<u>ഇടമലയാർ ഇറിഗേഷൻ പദ്ധതി</u>

897 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലിന്റെ ഭാഗിക കമ്മീഷനിംഗ് നടത്തുന്നതിനായി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(സി) മെയിൻ കനാലിന്റെ ഭാഗിക കമ്മീഷനിംഗ് നടത്തുന്നതിനായി പ്രവൃത്തികൾ പൂർത്തിയാക്കാൻ ആവശ്യമായ തുക എത്രയാണ്; ഇടമലയാർ ഇറിഗേഷൻ കനാലിന്റെ ഏതെങ്കിലും പ്രവൃത്തിയുടെ കരാർ റദ്ദാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ കരാർ ആരാണ് ഏറ്റെടുത്തിരുന്നതെന്നും റദ്ദാക്കാനുള്ള കാരണമെന്തെന്നും വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ കരാർ റദ്ദാക്കിയതുവരെയുള്ള മെഷർമെന്റും അതുവരെ നടത്തിയ പേയ്മെന്റും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) മെയിൻ കനാലിന്റെ ഭാഗിക കമ്മിഷനിംഗ് എന്നത്തേക്ക് നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ചാലക്കുടി ജലസേചന പദ്ധതി</u>

898 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ജലസേചന പദ്ധതിയിൽ രാത്രികാലങ്ങളിൽ പവർ ജനറേഷൻ നടത്തുന്ന പെരിങ്ങൽകുത്തിലെ വെള്ളം, ജലസേചനത്തിന്റെ ആവശ്യങ്ങൾക്കായി തുറന്നുവിടുന്ന വെള്ളത്തിന്റെ ക്രമീകരണവുമായി ബന്ധപ്പെടുത്തി അതിനെ 'കൃഷിക്കും കുടിവെള്ളത്തിനുമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല' എന്ന പരാതി പരിഹരിക്കുവാൻ
നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മൈനർ ഇറിഗേഷൻ പ്രവർത്തികൾ</u>

899 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ മുഖേന അടൂർ നിയോജകമണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയത് ഏതു വർഷം ആരംഭിച്ചതാണെന്നും അനുബന്ധ പ്രവൃത്തികൾക്കനുവദിച്ച തുകയുൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) മൈനർ ഇറിഗേഷൻ 2012-13 വർഷത്തിൽ അടൂർ നിയോജകമണ്ഡലത്തിൽപുതിയതായി ഏതൊക്കെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട് എന്നുള്ളതിന്റെ പട്ടിക ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ</u>

900 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയിട്ടുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഫ്രീസോഫ്റ്റ് വെയർ ഉപയോഗിക്കണമെന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ കെ. ഡബ്ല്യൂ.എ. അത് പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കുഴൽകിണറുകൾ</u>

901 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഴൽകിണറുകൾ സ്ഥാപിച്ചശേഷം ജലലഭ്യത അളന്ന് തിട്ടപ്പെടുത്തിയതിന് വാങ്ങിയ പമ്പ് ടെസ്റ്റിങ്ങ് യൂണിറ്റുകൾ ഗുണനിലവാരമില്ലാത്തവയാണെന്ന റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) സർക്കാർ സപ്ലൈ ഓർഡറിൽ പറയുന്ന ഗുണനിലവാര നിബന്ധനകൾ പ്രസ്തുത യൂണിറ്റിന് ബാധകമാക്കിയാണോ ടെൻണ്ടർ നടപടികൾ പൂർത്തിയാക്കിയത്;

(സി) സംസ്ഥാന ഖജനാവിന് എത്രതുകയാണ് ഇതുവഴി നഷ്ടമായത്; ഇവ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പന്തളം കുടിവെള്ള പദ്ധതി</u>

902 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്തളം കുടിവെള്ള പദ്ധതിയുടെ 80 ശതമാനത്തിലേറെ ജോലികളും പൂർത്തീകരിച്ചു കഴിഞ്ഞുവെങ്കിലും പദ്ധതി വർഷങ്ങളായി മുടങ്ങികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പദ്ധതി തുടർ നടത്തിപ്പിനായി അധികമായി വേണ്ട ഫണ്ടിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് അനുകൂല നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

കറുകുറ്റി - മുക്കന്നൂർ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം

903 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി-മുക്കന്നൂർ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ ആരംഭിച്ച 17 കോടി രൂപയുടെ പദ്ധതി പൂർത്തീകരിക്കുന്നതിലെ കാലതാമസം എന്തെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ജപ്പാൻ കുടിവെള്ള പദ്ധതി

904 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) കുടിവെള്ളക്ഷാമം രൂക്ഷമായ മറ്റ് മേഖലകളിലും ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി വഴി എത്തിക്കുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ശുദ്ധജല സ്രോതസ്സുകളിലെ ജലവിതാനം നിലനിർത്തുന്നതിന് പദ്ധതികൾ</u>

905 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷം പ്രതീക്ഷിച്ച നിലയിൽ ലഭിക്കാത്ത സാഹചര്യം തരണം ചെയ്യാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതുമൂലം കുടിവെള്ള ലഭ്യതയിൽ ഉണ്ടാകാവുന്ന കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉദ്ദേശിക്കുന്നു;

(സി) ശുദ്ധജല സ്രോതസ്സുകളിലെ ജലവിതാനം നിലനിർത്തുന്നതിന് പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ജപ്പാൻ കുടിവെള്ള പദ്ധതി</u>

906 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജപ്പാൻ കുടിവെള്ള പദ്ധതി എന്നുമുതൽ കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദവിവരം അറിയിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>വൈത്തിരി താലൂക്ക് ആശുപത്രിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി</u>

907

ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി താലൂക്ക് ആശുപത്രിയിൽ കുടിവെള്ളം മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള വിതരണം നിലയ്ക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കുടിവെള്ള വിതരണം പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>നാദാപുരം മണ്ഡലത്തിലെ കുന്നുമ്മൽ കുടിവെള്ള പദ്ധതി</u>

908 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കുന്നുമ്മൽ കുടിവെള്ള പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയ്ക്ക് ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കിളിമാനൂർ, മടവൂർ പഴയകുന്നുമ്മേൽ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി</u>

909 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, മടവൂർ, പഴയകുന്നുമ്മേൽ പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയ്ക്കായി ആകെ എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ പണികൾ കരാർ എടുത്തിരിക്കുന്നവരുടെ പേരു വിവരം ലഭ്യമാക്കുമോ; ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ചേരാനല്ലൂരിലെ കുടിവെള്ള ക്ഷാമം</u>

910

ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജക മണ്ഡലത്തിലെ ചേരാനല്ലൂരിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചേരാനല്ലൂർ നിവാസികൾക്ക് ശുദ്ധജലം എത്തിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്;

(സി) ചേരാനല്ലൂരിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനായി ഏതെങ്കിലും കുടിവെള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കുട്ടനാട് വാട്ടർ സപ്ലൈ സ്കീം</u>

911 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് വാട്ടർ സപ്ലൈ സ്കീം രണ്ടാം ഘട്ടമായി നീരേറ്റുപുറത്ത് നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്ലാന്റിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാ
ക്കുമോ ?

(ഡി)

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

## കനാലിന്റെ സമീപവാസികൾക്ക് ശുദ്ധജലം

912 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി വെളിയങ്കോട് കനോലി കനാലിന് കുറുകെയുള്ള ലോക്ക് വർഷങ്ങളായി തകർന്നുകിടക്കുന്നതിനാൽ കനാലിന്റെ സമീപവാസികൾക്ക് ശുദ്ധജലം ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ ജലപാതയായതുകൊണ്ട് ലോക്കിന്റെ നീളം 13 മീറ്ററാക്കണമെന്നുള്ളതിനാൽ അതിനായുള്ള ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഡിസൈൻ തയ്യാറാക്കുന്നതിനുള്ള തടസ്സം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഡിസൈനും പ്രോജക്ട് റിപ്പോർട്ടും അടിയന്തിരമായി തയ്യാറാക്കി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി</u>

913 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലവകുപ്പിന്റെ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ:

(ബി) ഓരോ പദ്ധതിക്കുമായി എത്ര തുക ചെലവഴിച്ചു; പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതികൾ റിവൈവ് ചെയ്യുന്നതിന് എന്തെല്ലാം സ്കീമുകളാണ് ഗ്രൗണ്ട് വാട്ടർ അതോറിറ്റി കൈക്കൊണ്ടിട്ടുള്ളുന്നതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ഓച്ചിറ കുടിവെള്ള പദ്ധതി

914 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ കുടിവെള്ള പദ്ധതിയിൽ ആലപ്പാട് പഞ്ചായത്തു കൂടി ഉൾപ്പെടുത്തിയെങ്കിലും പഞ്ചായത്ത് പ്രദേശത്ത് പൂർണ്ണമായ ജലവിതരണം നടക്കുന്നില്ലെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പൂർണ്ണമായും ജലവിതരണം നടത്തുന്നതിന് എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ പുനരുദ്ധാരണം</u>

915 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ വിവിധ നഗരസഭാ വാർഡുകളിൽ ഉള്ള പ്രധാന ജല സ്രോതസ്സുകളായ കുളങ്ങൾ പുനരുദ്ധരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരത്തിലെ സ്വീവറേജ് പദ്ധതി</u>

916 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം നഗരത്തില്‍ എത്ര നഗരസഭാ വാര്‍ഡുകളില്‍ ഇപ്പോള്‍ സ്വീവറേജ് പദ്ധതി നിലവിലുണ്ട്; അവ ഏതൊക്കെയാണ് ;

(ബി) പ്രസ്തുത പദ്ധതി നിലവിലില്ലാത്ത വാര്‍ഡുകള്‍ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വാര്‍ഡുകളില്‍ പദ്ധതി നടപ്പിലാക്കാന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി</u>

917 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിവരുന്ന പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) കണ്ണപുരം, ചെറുകുന്ന്, പട്ടുവം പഞ്ചായത്തുകളിൽ മുമ്പ് തീരുമാനിച്ച സ്ഥലങ്ങൾ ഒഴിവാക്കിയാണ് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത് എന്നത് കൊണ്ട് ശുദ്ധജല ക്ഷാമം രൂക്ഷമായ പ്രസ്തുത പ്രദേശങ്ങളെ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ പദ്ധതി എന്ന് കമ്മീഷൻ ചെയ്യും ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സിയാൽ മാതൃകയിൽ കുടിവെള്ള വിതരണ പദ്ധതി</u>

918 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, വി. ഡി. സതീശൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിയാൽ മാതൃകയിൽ കുടിവെള്ള വിതരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി അനുസരിച്ച് വിപണിയിൽ ഒരു ലിറ്റർ വെള്ളം എന്തു വിലയ്ക്കാണ് വിൽക്കാനുദ്ദേശിക്കുന്നതെന്നും ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മീനാട് ശുദ്ധജല വിതരണ പദ്ധതി</u>

919 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ ബാങ്ക് സഹായത്തോടെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന മീനാട് ശുദ്ധജല വിതരണ പദ്ധതി എത്ര ഘട്ടങ്ങളായാണ് കരാർ നൽകിയിരുന്നത് ; ഓരോ ഘട്ടങ്ങളിലും ചെയ്ത് തീർത്ത പണിയുടെ പുരോഗതി അറിയിക്കുമോ ;

(ബി) ഡിസ്ട്രിബ്യൂഷൻ പൈപ്പ് സ്ഥാപിക്കുന്നതൊഴികെയുള്ള ഘടകങ്ങളിൽ ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കും;

(സി) നിലവിൽ ശേഷിച്ചിരുന്ന ഡിസ്ട്രിബ്യൂഷൻ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന ജോലി ആരാണ് കരാർ ഏറ്റെടുത്തിട്ടുള്ളത് ; കരാർ കാലാവധി എത്ര മാസമാണ് ;

(ഡി) പ്രസ്തുത പൈപ്പ്ലൈൻ ഇനി എത്ര കിലോമീറ്റർ ദൂരമാണ് സ്ഥാപിക്കുവാനുള്ളത് ; ആയത് ഏതൊക്കെ ഗ്രാമ പഞ്ചായത്ത്/നഗരസഭ ഭാഗങ്ങളിൽ എത്ര കിലോമീറ്റർ ദൂരം വീതം ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

(ഇ) ഡിസ്ട്രിബ്യൂഷൻ ലൈൻ ഇനി സ്ഥാപിക്കുവാനുള്ള ഭാഗങ്ങൾ എല്ലാംതന്നെ കൃത്യമായി അടയാളപ്പെടുത്തിയ രേഖകൾ ബന്ധപ്പെട്ട ഓഫീസിലെ ഉദ്യോഗസ്ഥർ സൂക്ഷിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് ലഭ്യമാക്കുമോ ;

(എഫ്) നിലവിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് പദ്ധതി പൂർണ്ണമായി കമ്മിഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

## പാരിപ്പള്ളി-പരവൂർ റോഡിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്ന നടപടി

920 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മീനാട് ശുദ്ധജല വിതരണ പദ്ധതി (ജപ്പാൻ)പ്രവർത്തനം അനുസരിച്ച് ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പാരിപ്പള്ളി -പരവൂർ റോഡിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുവാൻ ഇനി എത്ര കിലോമീറ്റർ ബാക്കിയുണ്ടെന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത പ്രവൃത്തി ഏതൊക്കെ ഭാഗങ്ങളിലാണ് ശേഷിക്കുന്നത്;

(ബി) മേൽപ്പറഞ്ഞ റോഡ് 103 കോടി രൂപ അടങ്കലിൽ ആധുനിക രീതിയിൽ നവീകരിക്കുന്നതിന്റെ ഭാഗമായി പ്രവർത്തനം തുടങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് നിർമ്മാണം തുടരുകയാണെങ്കിൽ പൈപ്പ് സ്ഥാപിക്കൽ തടസ്സപ്പെടുവാൻ ഇടവരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റോഡിലെ പൈപ്പ് സ്ഥാപിക്കലും, കണക്ഷൻ നൽകുന്നതിനുള്ള പ്രാഥമിക സാങ്കേതിക ജോലികളും മുൻകൂട്ടി സമയബന്ധിതമായി തീർക്കുവാൻ പൊതുമരാമത്ത് വകുപ്പുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അരുവിക്കര, വെള്ളയമ്പലം പ്ലാന്റുകളുടെ നവീകരണം</u>

921 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, വെള്ളയമ്പലം പ്ലാന്റുകളുടെ നവീകരണത്തിനായി വാട്ടർ അതോറിറ്റി ജപ്പാൻ ഇന്റർനാഷണൽ കോർപ്പറേഷൻ സഹായത്തോടുകൂടി നടത്തുന്ന പദ്ധതിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) വർക്ക് അവാർഡ് ചെയ്തത് ഏത് കമ്പനിയ്ക്ക് എന്ത് തുകയ്ക്കാണെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള പ്ലാന്റുകൾക്ക് പകരം പുതിയ പ്ലാന്റ് നിർമ്മിക്കാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം ഉണ്ടായിരുന്നുവോ ; പ്ലാന്റ് നവീകരിച്ചാൽ മതി എന്ന് ഏത് തലത്തിൽ എപ്പോഴാണ് തീരുമാനമെടുത്തിരുന്നത് ;

(ഡി) നവീകരണ പ്രവൃത്തിയുടെ ടെണ്ടറിൽ എത്രപേർ പങ്കെടുത്തു ; ക്വാളിഫൈ ചെയ്തവർ എത്ര; എത്ര പേരിൽ നിന്ന് ഫിനാൻഷ്യൽ ക്വാട്ട് ലഭിക്കുകയുണ്ടായി ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കുഴൽമന്ദം ശുദ്ധജല വിതരണ പദ്ധതി</u>

922 ശ്രീ. എം. ചന്ദ്രൻ.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം ശുദ്ധജല വിതരണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് തുകക്കാണ് ഭരണാനുമതി ലഭിച്ചത് ;

(സി) പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

**കുത്തന്നൂർ - പെരിങ്ങോട്ടുകുറിശ്ശി കുടിവെള്ള പദ്ധതിയുടെ നിർമ്മാണം**

923 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ കുത്തന്നൂർ - പെരിങ്ങോട്ടുകുറിശ്ശി കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മംഗലം ഡാം സ്രോതസ്സായി സമഗ്ര കുടിവെള്ള പദ്ധതി</u>

924 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ, ആലത്തൂർ മണ്ഡലങ്ങളിലെ വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മംഗലം ഡാം സ്രോതസ്സായി ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ പദ്ധതിയ്ക്കായി ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ കുടിവെള്ള ജലസേചന ക്ഷാമം</u>

925 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുടിവെള്ള ജലസേചന ക്ഷാമം പരിഹരിക്കുന്നതിനായി ഏതൊക്കെ പുതിയ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ; പദ്ധതിയുടെ പേരും അനുവദിച്ച തുകയും വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കടൽജല ശുദ്ധീകരണശാലകൾ സ്ഥാപിക്കാനുള്ള നടപടികൾ</u>

926 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽ-കായൽ തീരങ്ങളിലെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിനായി കടൽജലശുദ്ധീകരണ ശാലകൾ സ്ഥാപിക്കാനുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനായി മുന്നോട്ടുവന്നിട്ടുള്ള കമ്പനികൾ ഏതെല്ലാമാണ്; ഇതിൽ എത്രയെണ്ണം ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്;

(സി) പ്ലാന്റിന്റെ നിർമ്മാണ ചെലവ് എത്രയാണ്; ഇതിനായി സർക്കാർ എന്ത് തുക നീക്കിവച്ചിട്ടുണ്ട്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ശാസ്താംകോട്ട ശുദ്ധജലതടാകം</u>

927 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലക്ഷക്കണക്കിന് ജനങ്ങളുടെ കുടിവെള്ള സ്രോതസ്സായ ശാസ്താംകോട്ട തടാകത്തിലേയ്ക്ക് കക്കൂസ് മാലിന്യം ഒഴുക്കിവിടുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണ് കൈക്കൊണ്ടത് ;

(ബി) പ്രകൃതി ദത്തമായ ഈ ശുദ്ധജലത്തടാകത്തെ സംരക്ഷിക്കാൻ കഴിയാത്തത് അധികൃതരുടെ അനാസ്ഥകൊണ്ടാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ശാസ്താംകോട്ട ശുദ്ധജലതടാകം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സ്ഥിരമായ സംവിധാനം ഏർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>തരൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം</u>

928 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാവശ്ശേരി, തരൂർ, പുതുക്കോട് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ പദ്ധതികൾക്കായി ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>വേമ്പനാട്ട് കായലിന്റെ മലിനീകരണവും</u>
<u>മത്സ്യങ്ങളുടെ വംശനാശവും</u>

929 ഡോ. ടി. എം. തോമസ് ഐസക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഏറ്റവും വലിയ വിനോദ സഞ്ചാര മേഖലകളിൽ ഒന്നായ വേമ്പനാട്ട് കായലിന്റെ മലിനീകരണത്തിനും മത്സ്യങ്ങളുടെ വംശനാശത്തിനും പമ്പ വഴിയൊരുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മദ്ധ്യതിരുവിതാംകൂറിലെയും, കുട്ടനാട്ടിലെയും ജനങ്ങൾക്ക് സാംക്രമിക രോഗങ്ങൾ വിട്ടുമാറാത്തതും, രോഗങ്ങൾ നാൾക്കുനാൾ വർദ്ധിച്ചു വരുന്നതും പമ്പയുടേയും വേമ്പനാട്ടു കായലിലെയും മലിനീകരണമാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തിന് അടിയന്തിര പ്രധാന്യത്തോടെ പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

മംഗലംഡാം സ്രോതസ്സായി കുടിവെള്ളപദ്ധതി

930 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലംഡാം സ്രോതസ്സായി ഒരു കുടിവെള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ടോ;

(ബി) ഇറിഗേഷൻ വകുപ്പും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി നടത്തിയ പരിശോധനയുടെ റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനു കാരണക്കാരായവരിൽ നിന്നും വിശദീകരണം തേടുമോ;

(ഡി) പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി</u>

931 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽവന്നശേഷം രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം എത്ര തുകയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) കൊല്ലം, കോട്ടയം ജില്ലകളിലായി പ്രസ്തുത പദ്ധതി പ്രകാരം പ്രവർത്തനത്തിന് ഭരണാനുമതി നൽകിയ പ്രവർത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?